**Malayala Manorma**

**18 June 2018**

**Paravoor: Heavy rain, Tree Falling Down**

# പറവൂരിൽ കാറ്റിൽ വൃക്ഷങ്ങൾ കടപുഴകി

പറവൂർ • കാലവർഷം കലിതുള്ളി. കിഴക്കുംപുറം, കൊച്ചാൽ, പുത്തൻവേലിക്കര, വാവക്കാട് എന്നിവിടങ്ങളിൽ വൃക്ഷങ്ങൾ കടപുഴകി. വൈദ്യുതി പോസ്റ്റുകൾ ഒടിഞ്ഞു. വൈദ്യുതി വിതരണം താറുമാറായി. ചിലയിടങ്ങളിൽ പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ചിലയിടങ്ങളിൽ വാഴയും മറ്റു കാർഷികവിളകളും നശിച്ചിട്ടുണ്ട്. ഇന്നലെ രാവിലെ വീശിയടിച്ച കാറ്റിലും പെയ്ത മഴയിലുമാണു വ്യാപക നാശനഷ്ടം സംഭവിച്ചത്.

കൊച്ചാൽ വയലിത്തറ റോഡിൽ തെങ്ങു വീണു വൈദ്യുതി പോസ്റ്റുകൾ ഒടിഞ്ഞു. ആളപായമില്ല. കോട്ടയ്ക്കൽ ലിജുവിന്റെ വീട്ടുവളപ്പിൽ നിന്നിരുന്ന തെങ്ങ് ഒടിഞ്ഞു റോഡിനു കുറുകെ വീഴുകയായിരുന്നു. തെങ്ങിന്റെ കുറച്ചുഭാഗം എതിർവശത്തെ വീടിന്റെ മുന്നിലാണു പതിച്ചത്.

വൈദ്യുതി കമ്പികളിലേക്കു തെങ്ങു വീണതിനെത്തുടർന്നാണു പോസ്റ്റുകൾ ഒടിഞ്ഞത്. നാട്ടുകാരുടെ നേതൃത്വത്തിൽ തെങ്ങു മുറിച്ചു മാറ്റി. പ്രദേശത്ത് ഏറെ നേരം വൈദ്യുതി തടസ്സപ്പെട്ടു.

പുത്തൻവേലിക്കര വരാപ്പറമ്പിൽ രാജയുടെ വീടിന്റെ മുകൾ ഭാഗം തെങ്ങു വീണു തകർന്നു. വീട്ടുവളപ്പിൽ നിന്നിരുന്ന തെങ്ങ് ഓടുമേഞ്ഞ വീടിന്റെ മേൽക്കൂരയിലേക്കു പതിക്കുകയായിരുന്നു. ഓടുകൾ പൊട്ടി. കഴുക്കോലുകൾ നശിച്ചു. വീട്ടിൽ ആളുകൾ ഉണ്ടായിരുന്നെങ്കിലും ഓടി പുറത്തേക്ക് ഇറങ്ങിയതിനാൽ പരുക്കേറ്റില്ല.

വാവക്കാട് ഹെൽത്ത് സെന്ററിനു വടക്കുവശം പിഡബ്ല്യുഡി റോഡരികിൽ നിന്ന വാഗമരമാണു നിലംപൊത്തിയത്. ഇതു റിട്ട. ഡപ്യൂട്ടി തഹസിൽദാർ ലതികയുടെ വീടിനുമേൽ പതിച്ചു.

സൺഷെയ്ഡ് പൊളിഞ്ഞു. മരം വീണതിനെത്തുടർന്നു വൈദ്യുതി കമ്പികൾ പൊട്ടി. ഏറെ നേരം വൈദ്യുതി തടസ്സം നേരിട്ടു. ഫയർഫോഴ്സ് എത്തിയാണു മരം മുറിച്ചുമാറ്റിയത്.

പള്ളത്ത് ദിലീപിന്റെ വീട്ടുവളപ്പിൽ നിന്ന മരം അയൽവാസിയുടെ വീട്ടിലേക്കു മറിഞ്ഞു. ഒരു തെങ്ങും നിലംപൊത്തി.

കുരവേലിൽ രാമചന്ദ്രന്റെ വീട്ടിലെ ആഞ്ഞിലി മറിഞ്ഞു. ഈ മരം മറ്റൊരു മരത്തിൽ തങ്ങി നിന്നതിനാൽ വീടിന്റെ മുകളിൽ പതിച്ചില്ല.